## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 50 09.06.2014-ൽ മറുപടിക്ക്

### സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എ.എ. അസീസ്** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>(ബി) ഉണ്ടെങ്കിൽ ആയതിന്റെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ ;<br>(സി) പ്രസ്തുത സർവ്വീസിലേക്കുള്ള നിയമനം എപ്രകാരമായിരിക്കും; യോഗ്യതകൾ എന്തെക്കെയാണ് ; വ്യക്തമാക്കുമോ ? | (എ) യും (ബി) യും (സി) യും ആദ്യ ഗസറ്റഡ് തസ്തികയിലോ അതിനു മുകളിലുള്ളതോ ആയ തസ്തികകളിൽ ഉൾപ്പെടുന്ന സാങ്കേതികേതര തസ്തികകളുടെ 25% വരുന്ന കേഡർ സ്ട്രെങ്ത്തോടെ 'കേരള സിവിൽ സർവ്വീസ് രൂപീകരിക്കാൻ മൂന്നാം കേരള അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ 9-ാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. വിശദമായ ചർച്ചയും കൂടിയാലോചനയും ആവശ്യമായ വിഷയമായതിനാൽ ഇക്കാര്യം പരിഗണിക്കേണ്ടതില്ലെന്ന് 24.01.2007-ൽ തീരുമാനിച്ചു. എന്നാൽ സംസ്ഥാനത്ത് പ്രൊമോഷൻ വഴി ഐ.എ.എസ്. ലഭ്യമാകുന്ന ഉദ്യോഗസ്ഥരുടെ അഭാവം മൂലം സംസ്ഥാന സിവിൽ സർവ്വീസ് കേഡറിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണം സംബന്ധിച്ച സാധ്യതാ പഠനത്തിനായി ഒരു കമ്മിറ്റി 24.09.2013-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 7725/2013/GAD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പഠനം പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ